# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ(എ&റ്റി) തിരുവനന്തപുരം

## നടപടിക്രമം.

വിഷയം - ആ.വ.ഡ - ശ്രീ.അഭിലാഷ്.വി.റാഫേൽ, ജെ.എച്ച്.ഐ ഗ്രേഡ് 2, സി.എച്ച്.സി കുറ്റിപ്പുറം - സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന -
(1) നം.എ7-27055/2014/ജി.മെ.ആ, മലപ്പുറം/തീ.06/11/2014
(2) എം.ആർ.ഐ(ഐ) 222/2000/പി.എസ്.സി, മലപ്പുറം തീയതി.03/09/2002.
(3) നം.എ4-19540/2002/ജി.മെ.ആ, മഞ്ചേരി/തീ.12/11/2002
(4) നം.എ4-19540/2002/ജി.മെ.ആ, മഞ്ചേരി/തീ.24/11/2006.
(5) ഉത്തരവ് നം.ഇ.എസ്1-20074/2010/ആ.വ.ഡ/തീ.27/04/2013.
(6) നോട്ടീസ് നം.ഇ.എസ്1-16105/2015/ആ.വ.ഡ/തീ.22/04/2015.

*ഉത്തരവ് നം.ഇ.എസ്1-16105/2015/ആ.വ.ഡ/തീയതി.09/06/2015.*

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം സി.എച്ച്.സിയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയി ജോലി ചെയ്യുന്ന ശ്രീ.അഭിലാഷ്.വി.റാഫേൽ സൂചന അഞ്ച് (5) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ പേര് ഉൾപ്പെടുത്തുന്നതിനായി സൂചന ഒന്ന് (1) പ്രകാരം ഒരു അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ശ്രീ.അഭിലാഷ്.വി.റാഫേലിന്റെ സേവന രേഖകൾ വിശദമായി പരിശോധിക്കുകയും ടിയാൾ മലപ്പുറം ജില്ലാ പി.എസ്.സിയുടെ ശുപാർശയോടെ സൂചന മൂന്ന് (3) പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയി 16/11/2002 - ൽ സർവ്വീസിൽ പ്രവേശിക്കുകയും സൂചന നാല് (4) ഉത്തരവു പ്രകാരം 16/11/2004 തീയതിയിൽ ടിയാൻ പ്രബേഷൻ കാലാവധി പൂർത്തീകരിച്ച തായും കാണുന്നു.

ഈ സാഹചര്യത്തിൽ ശ്രീ.അഭിലാഷ്.വി.റാഫേലിന്റെ റാങ്ക് നം.01/04/2000 മുതൽ 31/10/2007 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 മാരുടെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് നം.281 ആയ ശ്രീ.നാസർ അഹമ്മദ്.സി.കെയുടെയും റാങ്ക് നം.282 ആയ ശ്രീ.മുഹമ്മദ് റഫീക്ക്.പി പൻചിലിയുടെയും മദ്ധ്യേ 281 (എ) ആയി താഴെപറയും പ്രകാരം ഉൾപ്പെടുത്താൻ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് സൂചന ആറ് (6) പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചു. ഇത് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുള്ളവർ ടി നോട്ടീസ് തീയതി മുതൽ 30 ദിവസത്തിനകം ഉചിതമാർഗ്ഗേന സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു.



GOVERNMENT OF KERALA

1179713

| ക്ര. നം. | പേര് | ജനനതീയതി | പി.എസ്.സി അഡ്വൈസ് നം. തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | 3/4/2000 മുതൽ 30/10/2007 വരെയുള്ള ജെ.എച്ച്.ഐ സീനിയോറി റ്റി ലിസ്റ്റിൽ നിർണ്ണയിച്ച് നൽകുന്ന റാങ്ക് നം. |
|---|---|---|---|---|---|
| 1 | അഭിലാഷ്.വി റാഫേൽ | 11/05/1980 | MRI(i) 1222/2000/ dtd. 03/09/2002. | 16/11/2002 | 281 (A) |

ഇത് സംബന്ധിച്ച് അപ്പീലുകളൊന്നും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 21/04/2015 തീയതിയിലെ നോട്ടീസ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള റാങ്ക് നം.281 (എ) സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന അഞ്ച് (5) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ ഈ ഭേദഗതി വരുത്തിയിരിക്കുന്നു.

ഒപ്പ്
ഡോ.ആർ.എൽ.സരിത
അഡീഷണൽ ഡയറക്ടർ(എ & റ്റി)

സ്വീകർത്താവ്

അഭിലാഷ്.വി.റാഫേൽ
ജെ.എച്ച്.ഐ ഗ്രേഡ് 2
സി.എച്ച്.സി, കുറ്റിപ്പുറം.

പകർപ്പ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും (വെബ്സൈറ്റ് മുഖേന)
2) മെഡിക്കൽ ഓഫീസർ ഇൻ-ചാർജ്ജ്, സി.എ.ച്ച്.സി, കുറ്റിപ്പുറം.
3) വെബ്സൈറ്റി/ഫയൽ.

അംഗീകാരത്തോടെ

സൂപ്രണ്ട്.